## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3166 — 13.03.2017-ൽ മറുപടിയ്ക്ക്

## കേരള സിഡ്കോ വഴി ബിറ്റുമിൻ വിതരണം

| ചോദ്യം<br>ശ്രീ.പി.സി. ജോർജ്ജ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സിഡ്കോ വഴി ബിറ്റുമിൻ വിതരണത്തിന് ആദ്യമായി അനുമതി നൽകിയത് എന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 26.7.2004 നാണ് ആദ്യമായി അനുമതി നൽകിയത്. സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | മേൽ ഉത്തരവിന്റെ കാലാവധി എത്ര പ്രാവശ്യം ദീർഘിപ്പിച്ചു നൽകി; വിശദമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 16.04.2010 ൽ ഒരു തവണ ദീർഘിപ്പിച്ചു നൽകി. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉഉള്ളടക്കം ചെയ്യുന്നു. |
| (സി) | നിലവിൽ സിഡ്കോയിൽ നിന്നും ബിറ്റുമിൻ വാങ്ങുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട്; വിശദാംശം വെളിപ്പെടുത്തുമോ; | (സി) | ഉണ്ട്. 14.01.2015-ാം തീയതിയിൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനപ്രകാരം സ്വന്തമായി സാധന സാമഗ്രികൾ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കാതെ ചില പൊതുമേഖലാ സ്ഥാപനങ്ങൾ മറ്റുള്ളവരിൽ നിന്നും ഉല്പന്നങ്ങൾ വാങ്ങി നൽകുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധന സാമഗ്രികൾ മേൽപ്പറഞ്ഞ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വയം ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | സിഡ്കോ വഴി ബിറ്റുമിൻ വാങ്ങിയതിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിനെതിരെ ആരുടെ പേരിലൊക്കെ കേസ് ഉണ്ട്; കേസിലെ പ്രതികൾ ആരൊക്കെ: കേസിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | ശ്രദ്ധയിൽപെട്ടിട്ടില്ല |

Saradadevi

**സെക്ഷൻ ഓഫീസർ**

<u>കേരള വികസന പദ്ധതി – മരാമത്തു പണികൾക്ക് ടാർ വാങ്ങി നൽകുന്നതു സംബന്ധിച്ച്</u>

നം. 30258/ഡിപി1/2004/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്,
Tvpm, തീയതി: 26.07.2004.

## <u>സർക്കുലർ</u>

വിഷയം : കേരള വികസന പദ്ധതി – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം/പദ്ധതിയേതര വിഹിതം/തനതു ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പൊതുമരാമത്ത് പണികൾക്ക് ടാർ വാങ്ങി നൽകുന്നതിന് കെ.ആർ.എൽ, സിഡ്കോ എന്നിവയെക്കൂടി ഉൾപ്പെടുന്നത് – സംബന്ധിച്ച്.

സൂചന : ഗവൺമെന്റിന്റെ 3.6.2004 ലെ 23872/ഡിപി1/04/തസ്വഭവ നമ്പർ സർക്കുലർ.

മേൽ സൂചന സർക്കുലർ പ്രകാരം തദ്ദേക ഭരണസ്ഥാപനങ്ങളുടെ പൊതുമരാമത്ത് പണികൾക്ക് ആവശ്യമായ ടാർ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം കമ്പനി, ഹിന്ദുസ്ഥാൻ പെട്രോളിയം കമ്പനി മുതലായ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കരാറുകാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകാമെന്ന് ഉത്തരവായിരുന്നു.

സൂചന സർക്കുലറിൽ പരാമർശിച്ചിട്ടുള്ള ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം കമ്പനി, ഹിന്ദുസ്ഥാൻ പെട്രോളിയം കമ്പനി എന്നിവയോടൊപ്പം കൊച്ചി റിഫൈനറീസ് ലിമിറ്റഡ്, കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (സിഡ്കോ) എന്നീ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി കൊണ്ട് ടി സർക്കുലർ ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(True Copy)
From website

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ആവശ്യമായ ബിറ്റുമെൻ പൊതുമേഖലാ എണ്ണക്കമ്പനികളോടൊപ്പം സിഡ്കോ മുഖേനയും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(സാധാ)നം.1320/10/തസ്വഭവ തിരുവനന്തപുരം, തീയതി :16.04.2010.

---

പരാമർശം:-1.13.10.2008- ലെ സ.ഉ(എം.എസ്) നമ്പർ 275/08/തസ്വഭവ

2.18.06.09 - ലെ സ.ഉ.(എം.എസ്) നമ്പർ:111/09/തസ്വഭവ

3.സിഡ്കോ മാനേജിംഗ് ഡയറക്ടറുടെ 22.10.09 - ലെ സിഡ്കോ/പിഡി &എം/ബിറ്റുമെൻ നമ്പർ കത്ത്.

4.17.03.10 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ - കമ്മിറ്റിയുടെ തീരുമാനം നമ്പർ:1.7

## ഉത്തരവ്

10 ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള റോഡ് പ്രവൃത്തികൾക്ക് കൊച്ചി, മംഗലാപുരം എന്നിവിടങ്ങളിലെ പൊതുമേഖല എണ്ണകമ്പനികളിൽനിന്ന് മാത്രം ടാർ (ബിറ്റുമെൻ) നേരിട്ട് വാങ്ങുന്നതിന് പരാമർശം (1)ഉം(2)ഉം പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു.

(2) ഇത്തരത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്കാവശ്യമായ ബിറ്റുമെൻ വിതരണം ചെയ്യുന്നതിനുള്ള ഏജൻസിയായി പൊതുമേഖലാ എണ്ണക്കമ്പനികളോടൊപ്പം കേരളാചെറുകിട വ്യവസായ വികസനകോർപ്പറേഷനെ (സിഡ്കോയെ) കൂടി അംഗീകരിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിക്കുകയും ആയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സ്റ്റേറ്റ് പെർഫോമൻസ് ആഫീസറെ ചുമതലപ്പെടുത്തുകയും ടിയാന്റെ റിപ്പോർട്ട് 17.03.10- ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതലകോ-ഓർഡിനേഷൻ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുമുണ്ടായി.

(3) കോ-ഓർഡിനേഷൻ സമിതിയുടെ പരാമർശം (4) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെചേർത്തിട്ടുള്ള നിബന്ധനകൾ പ്രകാരം കൊച്ചി, മംഗലാപുരം എന്നിവിടങ്ങളിലെ പൊതുമേഖലാ എണ്ണക്കമ്പനി കളോടൊപ്പം സിഡ്കോ മുഖേനയും ബിറ്റുമെൻ വാങ്ങുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(എ) പൊതുമേഖല എണ്ണകമ്പനികൾ നൽകുന്ന അതേ വിലയിൽ സിഡ്കോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ബിറ്റുമിൻ വിതരണം ചെയ്യേണ്ടതാണ്.

(ബി) എണ്ണകമ്പനികളിൽനിന്നും ബിറ്റുമെൻ വാങ്ങുമ്പോൾ നൽകേണ്ടി വരുന്ന കയറ്റുകൂലി സിഡ്കോ നൽകേണ്ടതാണ്.

(സി) ഇറക്കുമതി ചെയ്യുന്ന ബിറ്റുമിന് മെട്രിക് ടണ്ണിന് 350 രൂപ മുതൽ 400 രൂപ വരെ സിഡ്കോ, ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണ്.

(ഡി) ടെണ്ടർ വഴി നിശ്ചയിക്കുന്ന ട്രാൻസ്പോർട്ടേഷൻ കരാറുകാരന്റെ സേവനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സിഡ്കോ ലഭ്യമാക്കേണ്ടതാണ്.

(ഇ) ബിറ്റുമെൻ വാങ്ങുമ്പോൾ സിഡ്കോ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകുന്ന ബില്ലിൽ എണ്ണകമ്പനി സിഡ്കോയ്ക്ക് നൽകുന്ന ബില്ലിന്റെ റഫറൻസ് കൂടി കാണിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
ബി.സരസ്വതി അമ്മ,
അഡീഷണൽസെക്രട്ടറി.

1. എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ / മുനിസിപ്പൽസെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
4. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
5. പ്രിൻസിപ്പൽസെക്രട്ടറി, ധനകാര്യവകുപ്പ്.
6. സെക്രട്ടറി, ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്
7. മെമ്പർ സെക്രട്ടറി, സംസ്ഥാനആസൂത്രണ ബോർഡ്, തിരുവനന്തപുരം.
8. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
9. ഗ്രാമവികസനകമ്മീഷണർ, തിരുവനന്തപുരം
10. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ്, കൊട്ടാരക്കര
12. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13. എക്സിക്യൂട്ടീവ് ചെയർമാൻആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
14. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
15. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർ)മാർക്കും
16. എല്ലാ ദാരിദ്ര്യലഘൂകരണയൂണിറ്റ്പ്രോജക്ട് ഡയറക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
19. എല്ലാ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
20. എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാർക്കും
21. ഡയറക്ടർ, ലോക്കൽഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
22. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
23. സംസ്ഥാനഇൻഫർമേഷൻ ഗ്രൂപ്പ്, റ്റി.സി25/2727(4), ലൂക്കസ് ലെയിൻ, പുളിമൂട്, തിരുവനന്തപുരം.(ബന്ധപ്പെട്ട എല്ലാവരെയും അറിയിക്കേണ്ടതാണ്)